**സർക്കുലർ**

48/1/NSS/DHSE/2018 02/07/2018

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീമും കേരള സർക്കാർ എക്സൈസ് വകുപ്പും സംയുക്തമായി ലഹരിക്കെതിരെ സംഘടിപ്പിക്കുന്ന ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി ഹയർ സെക്കണ്ടറി എൻഎസ്എസ് യൂണിറ്റുകൾക്ക് ഹ്രസ്വചിത്രമത്സരം സംഘടിപ്പിക്കുന്നു. **ഒന്നാം സമ്മാനം ഇരുപതിനായിരം രൂപ, രണ്ടാം സമ്മാനം പതിനായിരം രൂപ, മൂന്നാം സമ്മാനം അയ്യായിരം രൂപ എന്നീ ക്രമത്തിൽ സമ്മാനങ്ങളും പ്രശസ്തിപത്രവും നൽകുന്നതാണ്.**

**ലഹരിക്കെതിരെ വിദ്യാർത്ഥികളെയും പൊതുസമൂഹത്തെയും ബോധവൽക്കരിക്കുന്നതിനായുള്ള സന്ദേശമടങ്ങുന്നതായിരിക്കണം** ഹ്രസ്വചിത്രത്തിന്റെ ഉള്ളടക്കം. പരമാവധി ദൈർഘ്യം 20 മിനിട്ട് ആയിരിക്കേണ്ടതാണ്.

**2018 ആഗസ്റ്റ് 1** ന് മുൻപായി ഹ്രസ്വചിത്രത്തിന്റെ സിഡി/ഡിവിഡി എൻഎസ്എസ് സെല്ലിൽ ലഭ്യമാക്കേണ്ടതാണ്. മറ്റു മത്സരങ്ങൾക്കായി നിർമ്മിച്ച ഹ്രസ്വചിത്രങ്ങൾ സ്വീകരിക്കുന്നതല്ല.

ലോക ലഹരി വിരുദ്ധ ദിനമായ 26/06/2018 ൽ സംസ്ഥാനതലത്തിൽ സംഘടിപ്പിച്ച മെഗാറാലിയിൽ പങ്കെടുത്ത എൻഎസ്എസ് യൂണിറ്റുകളിൽ ഒന്നാം സ്ഥാനം തിരുവനന്തപുരം ജില്ലയിലെ തിരുവല്ലം ബിഎൻവി ഹയർ സെക്കണ്ടറി സ്കൂളും, രണ്ടാം സ്ഥാനം സെന്റ്മേരീസ് എച്ച്എസ്എസ് വെട്ടുകാടും, മൂന്നാം സ്ഥാനം ന്യൂ എച്ച്എസ്എസ് നെല്ലിമൂടും കരസ്ഥമാക്കി. സമ്മാനങ്ങൾ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിന്റെ 2017-18 ലെ എൻഎസ്എസ് അവാർഡ് വിതരണത്തോടൊപ്പം നൽകുന്നതാണ്.

ഒപ്പ്
ഡോ.ജേക്കബ് ജോൺ
പ്രോഗ്രാം കോഡിനേറ്റർ